# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 3349/26

തിയ്യതി : 13.08.2026

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

ആനേറാ. എ.ഡി.
അറയ്ക്കൽ ഹൗസ്
തൃപ്പാക്കുളം
തൃശ്ശൂർ ഈസ്റ്റ്. പി.ഒ.
ഫോൺ : 9495047576. പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001. എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നം. 8757 - A, സർവ്വീസ് കണക്ഷനിൽ വീട് റീനോവേഷൻ നടത്തുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ കണക്ഷൻ ആയി താരിഫ് ചെയ്ഞ്ച് ചെയ്ത് 2024 ൽ പണി ആരംഭിച്ചതായും, പിന്നീട് ജൂൺ മാസത്തിൽ മീറ്റർ മാറ്റി താരിഫ് ചെയ്ഞ്ച് ചെയ്തുവെന്നും അപേക്ഷയിൽ പറയുന്നു. മീറ്റർ മാറ്റിയ സമയം മീറ്റർ ബോർഡും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചതായും, എന്നാൽ, മീറ്റർ മാറ്റിയതിനു ശേഷം വന്ന 14.07.2025 ലെ ബിൽ തുക വളരെ കൂടുതലായതിനാൽ ടി.സി.ഇ.ഡി. യിൽ പരാതി സമർപ്പിക്കുയും, ഉദ്യോഗസ്ഥർ പരിശോധിച്ച് മീറ്ററിൽ തകരാറില്ല എന്നറിയിച്ചതായും പരാതിയിൽ സൂചിപ്പിക്കുന്നു. പക്ഷെ തുടർന്ന് വന്ന 13.09.2025 ലെ ബിൽ തുകയും കൂടുതലായപ്പോൾ പരാതിയുമായി വീണ്ടും ടി.സി.ഇ.ഡി. യെ സമീപിക്കുകയും, ടി.സി.ഇ.ഡി. ഉദ്യോഗസ്ഥരുടെ പരിശോധനയിൽ മീറ്റർ മാറ്റിയതിലെ തകരാറാണ് ബിൽ തുക കൂടാൻ കാരണം എന്ന് കണ്ടെത്തിയതായും, ടി തകരാർ പരിഹരിച്ചതിനു ശേഷം ശരിയായ ഉപയോഗ ബില്ലുകൾ ആണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഉപയോഗിക്കാത്ത വൈദ്യുതിക്ക് അമിത ചാർജ്ജ് ഈടാക്കിയ നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിത്തരണമെന്നതാണ് പരാതിക്കടിസ്ഥാനം.

**ഫോറത്തിന്റെ നടപടികൾ :**

20.05.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിനും, തുടർന്നു വരുന്ന സി.ജി.ആർ.എഫ്. സിറ്റിങ്ങിൽ ഹാജരാകുന്നതിന് കൺസ്യൂമറെ അറിയിക്കുന്നതിനും ധാരണയായി. 05.06.2026 ന് പരാതി വിശദമായി പരിശോധിച്ചു.

വിഷയത്തിൽ ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.

ടി സ്ഥലത്ത് പരിശോധനയിൽ മീറ്റർ തകരാറ് കണ്ടില്ല. മീറ്റർ ബോർഡിന്റെ ഭാഗത്ത് എർത്തിങ്ങ് ഉണ്ടായിരുന്നതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ മീറ്റർ ഷിഫ്റ്റിങ്ങ് ചെയ്തിട്ടുണ്ട്. പരിശോധനയിൽ ഉപഭോക്താവിന്റെ ഇ.എൽ.സി.ബി. പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.

കൺസ്യൂമർ നമ്പർ : 8757 – A, 5/266, 5 KW connected Load, LT I A താരിഫ്, സിംഗിൾ ഫേസ്, ദ്വൈമാസ ബില്ലുകൾ നൽകി വരുന്ന കണക്ഷനാണ്. സ്പോട്ട് ബിൽ മീറ്റർ റീഡർ നൽകി വരുന്ന റീഡിങ്ങ് പ്രകാരം കഴിഞ്ഞ രണ്ട് വർഷത്തെ (24 മാസത്തെ) ഉപയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു

| No. | Bill Date | Previous Reading | Present Reading | Unit | Amount |
|---|---|---|---|---|---|
| 1 | 10.07.2024 | 25705 | 25971 | 266 | 1202 |
| 2 | 10.09.2024 | 25971 | 26328 | 357 | 2114 |
| 3 | 09.11.2024 | 26328 | 26481 | 153 | 1593 |
| 4 | 11.01.2025 | 26481 | 26522 | 41 | 830 |
| 5 | 11.03.2025 | 26522 | 26574 | 52 | 950 |
| 6 | 12.05.2025 | 26574 | 16229 | 250 | 1665 |
| 7 | 14.07.2025 | 16229 | 18934 | 2705 | 27948 |
| 8 | 13.09.2025 | 18934 | 20663 | 1729 | 18302 |
| 9 | 13.11.2025 | 20663 | 21017 | 354 | 2179 |
| 10 | 13.01.2026 | 21017 | 21320 | 303 | 1741 |
| 11 | 12.03.2026 | 21320 | 21641 | 321 | 1880 |
| 12 | 15.05.2026 | 21641 | 22084 | 443 | 2775 |

ഫോറത്തിന്റെ നിഗമനം.

23 - ാം ഡിവിഷനിലെ, 324 - ാം നമ്പർ വീട്, കൺസ്യൂമർ നമ്പർ 8757 - A, വീട് റീനോവേഷൻ നടത്തി, മീറ്റർ ബോർഡ് ലൊക്കേഷൻ മാറ്റി വച്ചതിനു ശേഷം 14.07.2025, 13.09.2025 എന്നീ തീയതികളിലെ ബില്ലുകൾ വളരെയധികമായി വന്നതും സംബന്ധിച്ചാണ് പരാതി. വീട് നിർമ്മാണത്തോടനുബന്ധിച്ച് താരിഫ് മാറ്റുകയും, നിർമ്മാണം കഴിഞ്ഞ് ഗാർഹിക ആവശ്യത്തിലേക്ക് മാറ്റിയിട്ടുള്ളതുമായി മനസ്സിലാക്കുന്നു. വീട് നിർമ്മാണം പൂർത്തിയാക്കിയ ശേഷം മീറ്റർ ബോർഡ് വീടിന്റെ ഇടതുഭാഗത്തു നിന്നും വലതുഭാഗത്തേക്ക് ജൂൺ മാസം മാറ്റി സ്ഥാപിച്ചിരുന്നു എന്നാണ് പരാതിക്കാരന്റെ മൊഴിയിൽ നിന്നും മനസ്സിലാകുന്നത്. ലൈസൻസിയുടെ ഭാഗത്തു നിന്നും കൃത്യമായ തിയ്യതിയോ, വ്യക്തമായ മറുപടിയോ ലഭിച്ചിട്ടില്ല. അപേക്ഷകന്റെ വീട്ടിൽ ഇ.എൽ.സി.ബി. പ്രവർത്തനക്ഷമമാണ് എന്ന് ലൈസൻസി അറിയിച്ചിട്ടുണ്ട്. ആയതിനാൽ വീട്ടിനകത്ത് ലീക്കേജ് മൂലം വൈദ്യുതി നഷ്ടപ്പെട്ടു പോകുന്ന സാധ്യത കാണുന്നില്ല. ഇതിൽ നിന്നും മീറ്ററിനും ഡി.ബി. യ്ക്കും ഇടയിൽ വയറിംഗ് തകരാറ് മൂലമോ, മറ്റ് പ്രതിഷ്ഠാപനങ്ങളിലെ തകരാറ് മൂലമോ വൈദ്യുതി നഷ്ടപ്പെടാൻ സാധ്യത എന്നാണ് ഫോറത്തിന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് എപ്രകാരമാണ് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തത വരുത്തുന്നതിന് ആവശ്യമായ തെളിവുകൾ ഒന്നും ലൈസൻസിയോ പരാതിക്കാരനോ ഹാജരാക്കിയിട്ടില്ല. വ്യക്തത വരുത്തുന്നതിന് ലൈസൻസിക്ക് സാധിക്കുകയും ചെയ്തിട്ടില്ല.

സപ്ലൈ കോഡ് 2014, 64 - ാം നമ്പർ, നിർവ്വചന പ്രകാരം Point of Supply means "the point at the incoming terminal of the cut out installed by the consumer " എന്നാണ്.

മീറ്റർ cutout വരെ ലൈസൻസിയുടെ അധികാര പരിധിയിൽ വരുന്നതാണ്. cutout മുതലാണ് ഉപഭോക്താവിന്റെ അധികാരപരിധി. മീറ്റർ ബോർഡിനകത്താണ് ലീക്കേജ് വന്നിട്ടുള ളത് എന്നാണ് പരാതിക്കാരനിൽ നിന്നും ഫോറത്തിന് മനസ്സിലാക്കുവാൻ സാധിച്ചത്. Point of leakage കൃത്യമായും വ്യക്തമല്ലാത്ത സാഹചര്യമാണ് ഉള്ളത്. വൈദ്യുതി ഉപയോഗം ബിൽ കൂടിയ സാഹചര്യത്തിൽ പരാതിക്കാരൻ പരാതി നൽകിയിട്ടുള്ളതാണ്. എന്നിട്ടും തുടർന്നു വന്ന ബില്ലിലും അധിക ചാർജ്ജ് വരാൻ ഇടയായിട്ടുള്ളതാണ്. കൃത്യമായ ഇടപെടലുകൾ നടത്തിയി രുന്ന പക്ഷം രണ്ടാമത്തെ അധിക ബില്ല് ഒഴിവാക്കാൻ സാധിക്കുമായിരുന്നു എന്നാണ് ഫോറ ത്തിന്റെ നിഗമനം.

വീടിനകത്തെ വയറിംഗിൽ നിന്നോ പ്രതിഷ്ഠാപനങ്ങൾ വഴിയോ ലീക്കേജ് സംഭവിച്ചിട്ടില്ല. മീറ്റർ ബോർഡിനകത്ത് ആണ് ലീക്കേജ് സംഭവിച്ചിട്ടുള്ളത്, എന്നാൽ ആയത് മീറ്ററിൽ നിന്നാണോ, മെയിൻ സ്വിച്ചിൽ നിന്നോ, ഫ്യൂസിൽ നിന്നാണോ അതൊ വയറിംഗിൽ നിന്നാണോ എന്ന് വ്യക്ത മായി സമർത്ഥിക്കുന്നതിന് പരാതിക്കാരനും, ലൈസൻസിക്കും സാധിച്ചിട്ടില്ല.

<u>ഉത്തരവ് നടപടികൾ :</u>

ലൈസൻസിയുടെ, അധികാരപരിധിയിലുള്ള പോയിന്റ് ഓഫ് സപ്ലൈക്കുള്ളിൽ നിന്നാണ് ലീക്കേജ് സംഭവിച്ചിട്ടുണ്ടെന്നുമുള്ള നിഗമനത്തിൽ, പരാതിക്കാസ്പദമായ 14.07.25, 13.09.25 ബില്ലു കൾ റിവൈസ് ചെയ്തു നൽകുന്നതിന് ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ. കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |

THRISSUR MUNICIPAL CORPORATION
ELECTRICITY DEPARTMENT